# ലോനപ്പന്റെ ടൈംപീസ്

പ്രശാന്ത് പരമേശ്വർ

2001-ലെ മികച്ച മലയാള സിനിമയ്ക്കുള്ള സംസ്ഥാന അവാർഡു നേടിയ ചിത്രമാണ് ടി.കെ. രാജീവ് കുമാറിന്റെ 'ശേഷം'. അവാർഡു പരിഗണനയിൽ ഈ സിനിമയ്ക്കു മുന്നിൽ പിന്തള്ളപ്പെട്ടുപോയ ചിത്രങ്ങളാണ് 'ഡാനി'യും 'ഭേരി'യും. ദേശീയ ചലച്ചിത്ര അവാർഡു കമ്മിറ്റിയാവട്ടെ ആദ്യപരിഗണനയിൽ തന്നെ 'ശേഷം' തള്ളിക്കളഞ്ഞു. 'ഡാനി'യും 'ഭേരി'യുമാണ്




അവരെ കൂടുതൽ ആകർഷിച്ചത്. ഇതിൽ 'ഡാനി' മികച്ച മലയാള സിനിമയായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

നിർമ്മാണ ഘട്ടത്തിൽ തന്നെ മാദ്ധ്യമ ശ്രദ്ധയാകർഷിച്ച ചിത്രമാണ് 'ശേഷം'. ജയറാമിന് അവാർഡ് നേടിക്കൊടുക്കുന്നതാവും ഇതിലെ 'ലോനപ്പൻ' എന്ന കഥാപാത്രമെന്ന് സിനിമാപ്രസിദ്ധീകരണങ്ങൾ എഴുതി. അവാർഡു കമ്മിറ്റിക്കു മുമ്പിലെത്തും മുമ്പ് പല പ്രസിദ്ധീകരണങ്ങളും 'ശേഷ'ത്തെ പ്രകീർത്തിച്ചു. ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് കേരളയുടെ മത്സരവിഭാഗത്തിൽ പങ്കെടുത്തപ്പോൾ 'ശേഷ'ത്തിന് ഒട്ടും അഭിപ്രായം സ്വരൂപിക്കാനായില്ല. 'ഡാനി'യാകട്ടെ പ്രേക്ഷകരുടെ അവാർഡ് നേടുകയും ചെയ്തു. എന്നിട്ടും സംസ്ഥാന അവാർഡു പ്രഖ്യാപനത്തിൽ 'ശേഷം' ഒന്നാമതായി.

അങ്ങനെ അവാർഡിന്റെ തൊങ്ങലും തൂക്കിയാണ് 'ശേഷം' തിയ്യറ്ററുകളിലെത്തിയത്. പ്രേക്ഷകർ നിരാകരിച്ചതു കൊണ്ട് ഒരു ചിത്രവും മോശമാവുന്നില്ല. മറിച്ചൊരു ചിന്ത 'ശേഷ'ത്തെ സംബന്ധിച്ച് എത്രത്തോളം ന്യായമാവും? അതിനുള്ള ഉത്തരം തേടുമ്പോഴാണ് ആദ്യം സൂചിപ്പിച്ച പരിഗണനകളിലെ വൈരുദ്ധ്യങ്ങൾ നമ്മെ അമ്പരപ്പിക്കുന്നത്.

'ശേഷം' ലോനപ്പനെപ്പറ്റിയാണ്. ഭ്രാന്താശുപത്രിയെപ്പറ്റി സിനിമയെടുക്കാൻ വന്ന മീരയുടെയും അവളുടെ സിനിമയിലൂടെയും വളരുന്ന കഥ.

'ടൈംപീസെ'ന്നാൽ ലോനപ്പനാണ് മനോരോഗാശുപത്രിയിലെ അന്തേവാസികൾക്ക്. ആശുപത്രിയിലെ ഓരോ ചലനവും പതിവുകളും ലോനപ്പന്റെ കയ്യിലെ ടൈംപീസിനനുസരിച്ചാണ്. ലോനപ്പനെന്നാൽ അന്തേവാസികൾക്ക് ഒരു സഹവാസി മാത്രമല്ല. ആശുപത്രി ചുമതലക്കാരൻ കൂടിയാണ്.

'ലോനപ്പന് സമയവും സ്പേസുമുണ്ട് ആശുപത്രിയിൽ' എന്നതാണ് ലോനപ്പനെക്കുറിച്ചുള്ള ഡോക്ടറുടെ അഭിപ്രായം. അങ്ങനെ ആശുപത്രിയിലെ എല്ലാമെല്ലാമായിരിക്കുമ്പോഴാണ് മനോരോഗാശുപത്രിയെ പശ്ചാത്തലമാക്കി സിനിമയെടുക്കാൻ വന്ന മീരയുടെ ക്യാമറയിൽ ലോനപ്പൻ പതിയുന്നത്. അതിനിടയിൽ ലോനപ്പനെ സംബന്ധിച്ച രേഖകൾ കത്തിപ്പോകുന്നതോടെ ഇന്നലെകളറിയാത്ത ഒരു ദുരൂഹകഥാപാത്രമായി മാറി ലോനപ്പൻ. സംഗതികൾ ഇത്രത്തോളമായപ്പോൾ ഫിലിം എഡിറ്ററായ വെങ്കിടിയും, മീരയും പറയുന്ന 'വെരി ഇന്ററസ്റ്റിംഗ്' (ഈ വാചകമാണ് ആദ്യപകുതിയിൽ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത്). മീര ലോനപ്പനെ പുറത്ത് കൊണ്ടുവന്ന് വീട്ടിൽ താമസിപ്പിക്കുന്നു. സമൂഹം പക്ഷെ ഭ്രാന്തനായി മാ




ത്രമേ ലോനപ്പനെ പരിഗണിക്കുന്നുള്ളൂ.

മീര വിവാഹം കഴിക്കാൻ പോകുന്ന സബ് കളക്ടർ ശ്യാം, ലോനപ്പന് അവളോടുള്ള ആശ്രിതത്വത്തെപ്പറ്റി താക്കീത് നൽകുന്നുണ്ട്. മീരയോട് ലോനപ്പനുണ്ടാവുന്ന ഈ ആശ്രിതത്വം, പറഞ്ഞു പഴകിയ കഥകളുടെ ആവർത്തനത്തിലേക്ക് 'ശേഷ'ത്തെ തള്ളിവിടുന്നതിനിടയിലാണ് സംവിധായകൻ 'ആനിക്കുട്ടി' എന്ന കഥാപാത്രത്തെ കൊണ്ടുവരുന്നത്. ലോനപ്പനും ആനിക്കുട്ടിയെന്ന ബാലികയുമായുള്ള ബന്ധത്തെ, ആശുപത്രിയും, ശസ്ത്രക്രിയയുമൊക്കെയായി വികസിപ്പിക്കുമ്പോൾ അതിനാടകീയതയുടെ പ്രേതം ശേഷത്തെ വിഴുങ്ങുകയാണ്. വിവാഹശേഷവും ലോനപ്പനെ നമുക്കൊപ്പം നിർത്താം എന്ന് ശ്യാം മീരയോട് പറയുന്നുണ്ടെങ്കിലും ലോനപ്പൻ കാറിൽ നിന്നിറങ്ങി തന്റെ 'വീടാ'യ ഭ്രാന്താശുപത്രിയിലേക്ക് നടന്നു പോകുകയാണ്.

കഥ പറച്ചിലിൽ വ്യത്യസ്തതക്കുള്ള ഒരു ശ്രമം എന്ന നാട്യമുണ്ടെങ്കിലും ഒട്ടും വ്യത്യസ്തമല്ലാത്ത പ്രമേയവും നാട്യഗതിയുമാണിവിടെ. ആദ്യ പകുതിക്കുശേഷം, കഥാപാത്രം, രചന കൂടി നിർവ്വഹിച്ച സംവിധായകന്റെ കൈവിട്ടു പോകുകയാണ്. ലോനപ്പന് സ്കൂളിൽ ജോലി കിട്ടുന്നതും ആനിക്കുട്ടിയുടെ കടന്നു വരവും അനാവശ്യമായ സെന്റിമെൻസ് സൃഷ്ടിക്കാനുള്ള ശ്രമവും പലയിടത്തും മുഴച്ചു നിൽക്കുകയാണ്. എഡിറ്റിംഗ് റൂമിലെ രംഗചിത്രീകരണങ്ങളും കാട്ടിക്കൂട്ടലുകളും വിരസതയുളവാക്കുന്നുണ്ട്.

ജയറാം ലോനപ്പനെ തെറ്റില്ലാതെ അവതരിപ്പിച്ചിട്ടുണ്ട്. പക്ഷേ ഒരഭിനേതാവിന്റെ പ്രതിഭയുടെ മാറ്ററച്ചു നോക്കാവുന്ന മുഹൂർത്തങ്ങൾ സൃഷ്ടിക്കുന്നതിൽ സിനിമ വിജയിച്ചിട്ടില്ല. മീരയെ ഗീതു മോഹൻദാസും വെങ്കിയെ മുരളിയും ഭംഗിയാക്കി.

കെ.ജി. ജോർജ്ജിന്റെ ശിഷ്യനായ ടി.കെ. രാജീവ് കുമാർ നല്ല ചിത്രമെടുക്കണമെന്ന ആഗ്രഹമുള്ളയാളാണെന്നാണ് ജലമർമ്മരവും, 'ശേഷ'വും പറഞ്ഞു തരുന്നത്. സിനിമയുടെ ഭാഷ നന്നായി വശമുള്ളയാളാണ് ഈ യുവസംവിധായകൻ എന്ന് 'ചാണക്യനും' 'കണ്ണെഴുതി പൊട്ടും തൊട്ടും' പോലുള്ള ചിത്രങ്ങൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. പക്ഷേ, അണിയറക്കളികളിലൂടെ അവാർഡുകൾ നേടിയെടുത്താലും നല്ല സിനിമയ്ക്കും രാജീവ് കുമാറിനുമിടയിൽ നടന്നു തീർക്കാൻ ഇനിയുമൊത്തിരി ദൂരമുണ്ടെന്ന് തന്നെയാണ് 'ശേഷം' വിളിച്ചുപറയുന്നത്.